"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് എഴുവന്തല എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ(വിരമിച്ചത്) ശ്രീമതി.വി.ഇന്ദിരയ്ക്ക് ചികിത്സ ചെലവ് പ്രതിപൂരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4440/2024/GEDN തീയതി,തിരുവനന്തപുരം, 17-07-2024**

പരാമർശം:-
1. പാലക്കാട് എഴുവന്തല എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ (വിരമിച്ചത്) ശ്രീമതി വി.ഇന്ദിരയുടെ 10/03/2017 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20/12/2019-ലെ (എൽ-ഡിസ്)എം ആർ 2- 30493/2019/ആ.വ.ഡ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/10/2023-ലെ ആർ.7/3733/2019/ഡിജി ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് എഴുവന്തല എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ(വിരമിച്ചത്) ശ്രീമതി വി.ഇന്ദിരയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ മൗലാന ആശുപത്രിയിൽ 14/10/2016 മുതൽ 05/11/2016 വരെ കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം 1 അപേക്ഷ പരാമർശം 3 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കി 1,62,145/- രൂപയുടെ (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി നാൽപത്തി അഞ്ച് രൂപ മാത്രം) അനുവദനീയതയുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2)** സർക്കാർ ടി അപേക്ഷ വിശദമായി പരിശോധിച്ചു. പാലക്കാട് എഴുവന്തല

എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ(വിരമിച്ചത്) ശ്രീമതി വി.ഇന്ദിരയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ മൗലാന ആശുപത്രിയിൽ 14/10/2016 മുതൽ 05/11/2016 വരെ ചെലവാക്കിയതും ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയത നൽകിയതുമായ തുകയായ 1,62,145/- രൂപയുടെ 80% ആയ 1,29,716/- രൂപ (ഒരുലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി പതിനാറ് രൂപ മാത്രം), പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബിൽ സഹിതം രജിസ്റ്റേഡ് തപാലിൽ).
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
പ്രധാനാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, എഴുവന്തല, പാലക്കാട്.
ശ്രീമതി വി ഇന്ദിര, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ(വിരമിച്ചത്)
എ.യു.പി. സ്കൂൾ, എഴുവന്തല, പാലക്കാട്.
ധനകാര്യ (ലോൺസ്) വകുപ്പ് (20/05/2024-ലെ
ലോൺസ്-എൽ 2/22/2024/ധന. പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. [B3/349/2023/GEDN]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 17-07-2024 17:11:01
സെക്ഷൻ ഓഫീസർ